**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4374** **06-03-2023 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 കാലയളവിൽ ഒരു ലക്ഷം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിയ്ക്കുക എന്ന ലക്ഷ്യം സംസ്ഥാനം കൈവരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കൈവരിച്ചിട്ടുണ്ട്.<br><br>സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള 'ഒരു ലക്ഷം സംരംഭങ്ങൾ' എന്ന ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ ഡിസംബർ 7 വരെയുള്ള 250 ദിവസത്തെ കാലയളവിൽ, രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 6274 കോടി രൂപയുടെ നിക്ഷേപവും 2,20,285 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നിലവിൽ ഇതുവരെ 2023 മാർച്ച് 3 വരെയുള്ള കണക്ക് പ്രകാരം 134,729 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8043.09 കോടി രൂപയുടെ നിക്ഷേപവും 2,88,979 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |
| (ബി) | പ്രസ്തുത സംരംഭങ്ങളിലൂടെ സാധ്യമായ നിക്ഷേപങ്ങൾ, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധന നടത്തിയിട്ടുണ്ടോ, എങ്കിൽ ഏതെല്ലാം കണക്കുകളുടെ അടിസ്ഥാനത്തിലാണ് വിവരശേഖരണം നടത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് 31 വരെ ആരംഭിക്കുന്നതും 2006 ലെ എം.എസ്.എം.ഇ.ഡി ആക്റ്റും തുടർന്നുള്ള ഭേദഗതികളും പ്രകാരമുള്ള നിർവചനത്തിൽ ഉൾപ്പെടുന്നതുമായ സ്ഥാപനങ്ങളെയാണ് ഒരു ലക്ഷം സംരംഭങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | | | തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുകയും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള interns വഴിയാണ് ഇപ്രകാരം കണ്ടെത്തുന്ന സംരംഭകരുടെ വിവരങ്ങൾ ശേഖരിക്കുന്നത്. നേരിട്ട് സംരംഭകരെ സന്ദർശിച്ചും, തദ്ദേശ സ്ഥാപനങ്ങളിൽ നിലവിലുള്ള ഹെല്പ് ഡെസ്കിലെ വിവര ശേഖരണം വഴിയുമാണ് സംരംഭകരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നത്. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും (www.yearofenterprises.kerala.gov.in) എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. |
| (സി) | ഈ കാലയളവിൽ ആരംഭിച്ചിട്ടുള്ള സംരംഭങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ; | (സി) | ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാണ്. |
| (ഡി) | വളരെക്കാലം മുൻപ് നിലവിലുണ്ടായിരുന്നതും എന്നാൽ രജിസ്ട്രേഷൻ ഇല്ലാതിരുന്നതുമായ സംരംഭങ്ങളെ പുതിയ സംരംഭങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത്തരത്തിലുള്ള എത്ര സംരംഭങ്ങളെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) | സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് മുപ്പത്തിയൊന്ന് വരെ ആരംഭിക്കുന്ന സംരംഭങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. പ്രസ്തുത ലിസ്റ്റിൽ റീരജിസ്റ്റർ ചെയ്ത സംരംഭങ്ങൾ ഉൾപ്പെടുന്നില്ല. എന്തെങ്കിലും കാരണവശാൽ ഇത്തരം സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപെട്ടാൽ അവ നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തിരം സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ